ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. കഴിയുന്നതും വേഗത്തിൽ.

പഞ്ചായത്ത് ഡിലിമിറ്റേഷൻ

*൪൯൩. (൯൪) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തുകളുടെ ഡിലിമിറ്റേഷൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഐക്യസംസ്ഥാനത്തിൽ ഓരോ ഡിസ്ട്രിക്ടിലും എത്ര പഞ്ചായത്തുകൾ ഉണ്ടാകുമെന്നറിയാമോ;

(സി) ഐക്യസംസ്ഥാനത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്ത് ഏതു;

(ഡി) അവിടത്തെ ജനസംഖ്യയെത്ര;

(ഇ) ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള പഞ്ചായത്തേത്;

(എഫ്) അവിടത്തെ ജനസംഖ്യയെത്ര?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

എ.യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറ്റു ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ലെവിസിസ്റ്റം

*൪൯൭. (൯൯) ശ്രീ. പി. കെ. കുമാരൻതുച്ചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ലെവിസിസ്റ്റം അനുസരിച്ചു നെല്ല സംഭരിക്കണമെന്നു ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എവ;

(സി) ലെവിസിസ്റ്റം നടപ്പിൽ വരുത്തുന്നതുകൊണ്ടു ഈ രാജ്യത്തെ ജനങ്ങൾക്ക് എന്തു പ്രയോജനമുണ്ടാകുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു.

(ബി) ഈ പദ്ധതികൊണ്ടു കർഷകർക്ക് കൂടുതൽ സൌകര്യവും, ഭക്ഷ്യോല്പാദനത്തിനു പ്രോത്സാഹനവും സിദ്ധിക്കുമെന്നും ഗവണ്മെണ്ടിനു കൂടുതൽ നെല്ലുസംഭരിക്കുവാൻ കഴിയുമെന്നും ഉള്ള വിശ്വാസംകൊണ്ടു.

(സി) ബി.യുടെ മറുപടി നോക്കുക.

സംയോജനം

*൪൮൫. (൯൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) കൊച്ചിയിലേയും തിരുവിതാംകൂറിലേയും എതെല്ലാം ഡിപ്പാർട്ട്മെണ്ടുകളുടേയും അവയിലെ സബ്ബിന്നുകളുടേയും സംയോജനം കഴിഞ്ഞിട്ടുണ്ടു;

(ബി) ഇനിയും സംയോജനം പൂർത്തിയാക്കാത്തതിന്റെ കാരണം എന്താണു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെണ്ടു ഒഴികെ മറ്റെല്ലാ ഡിപ്പാർട്ടുമെണ്ടുകളുടേയും സംയോജനം പൂർത്തിയ

LIBRARY ARCHIVES Kerala Legislative Assembly